# ഓർമ്മകൾ തൊഴുത് മടങ്ങുന്ന എൻെറ ഗ്രാമം



## സരോജ വർഗീസ്

പച്ച വിരിപ്പിട്ട സാനുനിരകളും ഹരിതവർണ്ണാഭമാർന്ന വയലേലകളും കൊണ്ട് വസ്ത്രാലംക്രുതയായി ഒരു മണവാട്ടിയെപോലെ നമ്രമുഖിയായി നാണം കുണുങ്ങി നിൽക്കുന്ന മനോഹരിയായ കേരള നാടിൻെറ സിന്ദൂരതിലകമായി വിളങ്ങുന്നു തിരുവല്ലയിലെ തുകലശ്ശേരി എന്ന എൻെറ ഗ്രാമം. പത്തനംതിട്ട ജില്ലയുടെ ഭാഗമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന തിരുവല്ല എന്ന സുന്ദരനഗരം ഭൂമിശാസ്ത്രപരമായി കിഴക്ക്, പുല്ലാട്ട്, പടിഞ്ഞാറു, എടത്വാ, വടക്ക് – ളാപ്പാലം, തെക്ക് വരട്ടാർ പാലം എന്നീ അതിരുകളാൽ വേർതിരിക്കപ്പെട്ടിരിക്കുന്നുവെങ്കിലും തിരുവല്ല നഗരിയുടെ മഹത്വം അവിടത്തെ നിവാസികൾ ലോകത്തിൻെറ എല്ലായിടത്തും എത്തിക്കുന്നു. .വലിയ തിരക്കുകളൊന്നും ഇല്ലാതിരുന്ന ഒരു നഗരത്തോട് ചേർന്നു കിടക്കുന്ന ഹരിതസുന്ദരമായ എൻെറ തുകലശ്ശേരി ഗ്രാമം. ഗ്രാമവാസികളിൽ അധികം സവർണ്ണ ഹിന്ദുക്കൾ. ചുരുക്കം ചില ക്രുസ്തീയ കുടുംബങ്ങളും. അന്ന് ബ്രഹ്മണരും നായന്മാരും ആയിരുന്നു അവിടത്തെ പ്രമാണികൾ.

നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമ്രുദ്ധം

എന്ന് മഹാകവി കുറ്റിപ്പുറത്ത് പാടിയത് ഈ ഗ്രാമത്തെ സംബന്ധിച്ചേടത്തോളം അർത്ഥവത്തായിരുന്നു. സുന്ദരഭാവനകൾ മനസ്സിൽ മൊട്ടിടുന്നതിനു പ്രചോദനപ്രദമായ ഗ്രാമം. വാക്കുകൾകൊണ്ട് ഗ്രാമത്തിൻെറ ചാരുതയാർന്ന ചിത്രം വരയ്ക്കുന്നത് ആനന്ദകരമായ അനുഭവമാണു. ഒരു പഴയ കാല ചിത്രം.

പുഞ്ചപ്പാടങ്ങളും കൈത്തോടുകളും അമ്പലക്കുളങ്ങളും ആമ്പൽപ്പൊയ്കകളുംകൊണ്ട് നിറഞ്ഞതായിരുന്നു ഈ ഗ്രാമം. ചെമ്മണ്ണു വിരിച്ച വീഥികളും ഇടവഴികളും അന്നത്തെ കേരളീയഗ്രാമങ്ങളുടെ മുഖമുദ്രയായിരുന്നു. കാളവണ്ടികളാണ് അന്നത്തെ ഗ്രാമീണകർഷകരുടെ ഇഷ്ടവാഹനങ്ങൾ. കാറുകൾ ഉള്ള വീടുകൾ അന്നു വളരെ ചുരുക്കം. ഇന്നു ഇടത്തരക്കാരുടെ വീടുകളുടെ വാതുക്കൽപോലും കാറുകൾ സാധാരണ കാഴ്ച്ചയാണ്. അന്നു കാറുകൾ പ്രതാപത്തിൻെറ പ്രതീകങ്ങളായിരുന്നു.

ആഴ്ച്ചയിൽ രണ്ടു ദിവസങ്ങൾ നഗരത്തിലെ ചന്തദിവസങ്ങളായിരുന്നു. കാർഷികവിളകൾ കയറ്റി ശബ്ദകോലാഹലങ്ങൾ സ്രുഷ്ടിച്ച് നഗരത്തിലേക്ക് പോകുന്ന കാളവണ്ടികളെ കുട്ടിക്കാലത്ത് ഇമവെട്ടാതെ നോക്കിനിൽക്കുന്നത് ഇന്നെന്നപോലെ ഓർമ്മിക്കുന്നു. കാർഷികവിളകൾ നഗരത്തിലെ ചന്തയിൽ വിറ്റഴിച്ചശേഷം നിത്യോപയോഗ സാധനങ്ങൾ വാങ്ങി, രാത്രി ഏറെ ആകുമ്പോൾ ഗ്രാമീണകർഷകർ തിരിച്ചെത്തുന്നു.കുന്നിന്മുകളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിൽ നിന്നും ഉയരന്നു ശംഖുനാദം, അതുപോലെ ഗ്രാമത്തിൻെറ കിഴക്കുഭാഗത്തായി ഉയർന്നുനിൽക്കുന്ന ക്രുസ്തീയദേവാലയത്തിൽ നിന്നും മുഴങ്ങുന്ന ആരാധനാമണി ഇവ ഗ്രാമവിശുദ്ധിയുടെ പ്രകീർത്തനമായിരുന്നു. ശാന്തിയും സമാധാനവും വിശുദ്ധിയും കൊണ്ട് അനുഗ്രഹീതമായ ഗ്രാമം.

പ്രധാനവീഥിയിൽ നിന്നും ചെമ്മണ്ണു വിരിച്ച ഒരു ചെറിയ പാത ചെന്ന് അവസാനിക്കുന്നത് ഒരു പഴയ തറവാടിൻെറ കവാടത്തിലാണ്. അകത്തേക്ക് കടക്കുമ്പോൾ വെള്ളമണൽ വിരിച്ച നടപ്പാത. പാതയുടെ ഇരുവശവും പൂത്തുലഞ്ഞ്നിൽക്കുന്ന പൂമരങ്ങളും പൂച്ചെടികളും ഒരു ചെറിയ നന്ദനോദ്യാനം.വിശാലമായ മുറ്റത്ത് ഈ നടപ്പാത അവസാനിക്കുന്നു. മുറ്റത്തിനു ചുറ്റും പല തരത്തിലുള്ള മുല്ല, പിച്ചി, റൊസ ഇവ ശ്രദ്ധാപൂർവ്വം നട്ടുവളർത്തിയിരുന്നു. നനാവർണമാർന്ന ഈ പുഷ്പകുമാരികൾ വീട്ടിൽ അതിഥിയായെത്തുന്നവർക്ക് ഉദ്യാനവിരുന്ന് ഒരുക്കുന്നു. വീടിൻെറ പടിഞ്ഞാറു വശത്ത് നിൽക്കുന്ന തേന്മാവും, പുളിമരവും, കുട്ടികളുടെ കളിത്തോഴരയിരുന്നു. തെങ്ങ്, കമുക്, പ്ലാവ്, തുടങ്ങിയ ഫലവ്രുക്ഷങ്ങൾകൊണ്ട് നിറഞ്ഞ തറവാട്ടു വളപ്പ് ഐശ്വര്യദേവതയുടെ നർത്തനവേദിയും. മൂടൽമഞ്ഞിൽ മുങ്ങിനിൽക്കുന്ന മലനിരകൾപോലെ ഈ തറവാട്ടുവളപ്പും, ഫലവ്രുക്ഷങ്ങളും അവ്യക്തസ്മരണകളായി ഇന്നും മനസ്സിലുണ്ട്. നേരിയ ഓർമ്മകൾ ആഹ്ലാദദായകങ്ങളാണ്.

പറമ്പിൻെറ വടക്കെ അതിർത്തിയിലൂടെ പാട്ടുപാടി ഒഴുകുന്ന ഒരു കൈത്തോടുണ്ടു. കൈത്തോടിൻെറ കരയ്ക്ക് ഒരു പേരമരം സമ്രുദ്ധമായി വളർന്നു പന്തലിച്ച്

നിൽക്കുന്നു. ചിച്ചിലു... ചിച്ചിലു... എന്നു ചിലച്ച്കൊണ്ട് പേരമരച്ചില്ലകളിൽ ചാടിക്കളിക്കുന്ന അണ്ണാറക്കണ്ണന്മാരും എവിടെനിന്നോ വിരുന്നു വരുന്ന പച്ചക്കിളികളും കുട്ടികളുടെ പ്രിയപ്പെട്ട കൂട്ടുകാർ ആയിരുന്നു. ആ പേരമരത്തിൻെറ ചുവട്ടിലിരുന്ന് ഓലത്തുഞ്ചാണികൾ, വലകളായി സങ്കൽപ്പിച്ച് മീൻപിടുത്തം അഭിനയിച്ച് കളിക്കുന്ന നിഷ്ക്കളങ്കരായ കുട്ടികൾ.

ഓണക്കാലം എല്ലാ കേരളീയഗ്രാമങ്ങളിലുമെന്നപോലെ ഈ ഗ്രാമത്തിലും ഒരു വസന്തോത്സവമായിരുന്നു. ഊഞ്ഞാലാട്ടവും കടുവാകളിയും കുട്ടികളുടെ ആർപ്പുവിളികളും എല്ലാം ചേർന്ന ഓണാഘോഷം ഗ്രാമത്തിൻെറ ഏറ്റവും വലിയ ഉത്സവമായിരുന്നു. ഇന്ന് ഏഴാംകടലിനിക്കരെ ഇവിടത്തെ പൗരത്വം സ്വീകരിച്ച് ജീവിതം തുടരുമ്പോൾ പഴയ കാല സ്മരണകൾ ഉണർന്നു വരുന്നു, ഒരു ഗ്രാമം ഉണരുന്ന പോലെ.. ഇന്നുള്ളവർക്ക് നഷ്ടമായ ഗ്രാമം പ്രവാസികളുടെ മനസ്സിൽ പച്ചപ്പ് കലർത്തി അവശേഷിക്കുന്നു.





